നം.എൻ.എം(1)/31111/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 17/12/2015

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ***ഉച്ചഭക്ഷണപദ്ധതി - സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന വേളയിൽ രക്ഷിതാക്കളുടെ സാന്നിദ്ധ്യത്തിന്റെ ആവശ്യകത***-സംബന്ധിച്ച്.

സൂചന:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/05/2015 തീയതിയിലെ എൻ.എം(1)/31111/2015 നമ്പർ സർക്കുലർ.

2. 04.12.2015-ലെ കേന്ദ്രമാനവശേഷി വികസനമന്ത്രാലയത്തിന്റെ F.No. 1-6/2009-Desk (MDM) നമ്പർ കത്ത്.

സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുടെ ഭാഗമായി സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സൂചന (1) പ്രകാരം പൊതുമാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. കേന്ദ്രമാനവശേഷി വികസന മന്ത്രാലയത്തിന്റെ സൂചന (2) ലെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ കൂടി പദ്ധതിയുടെ നടത്തിപ്പിനായി പുറപ്പെടുവിക്കുന്നു.

1. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC) യെ കൂടി പദ്ധതിയുടെ നടത്തിപ്പ്, ഭക്ഷണത്തിന്റെ ഗുണമേന്മ, ഭക്ഷണ വിതരണത്തിലെ ശുചിത്വം, പരിസരശുചിത്വം എന്നിവ പരിശോധിക്കുന്നതിനു ചുമതലപ്പെടുത്തേണ്ടതാണ്.
2. സ്കൂൾ ഉച്ചഭക്ഷണം വിതരണ സമയത്ത് അന്നന്നേക്ക് ഭക്ഷണം നൽകുന്നതിനു തയ്യാറാക്കിയ ഭക്ഷണം വിതരണം ചെയ്യുന്നതിനു മുൻപ് ഭക്ഷണം രുചിച്ചുനോക്കിയ ടീച്ചറെ കൂടാതെ ഉച്ചഭക്ഷണപദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളുടെ ഒന്നിലധികം രക്ഷകർത്താക്കളോ SMC മെമ്പറോ വിതരണ സമയത്ത് ഉണ്ടാകേണ്ടതാണ്. കൂടാതെ അന്നേ ദിവസം എത്ര കുട്ടികൾ ഭക്ഷണം കഴിച്ചു എന്നും ആയതിന്റെ ഗുണമേന്മ സംബന്ധിച്ചും ഭക്ഷണം വിതരണം ചെയ്യുന്നതിനു മുൻപ് ടി ഭക്ഷണം രുചിച്ചു നോക്കി എന്നുള്ള രക്ഷിതാക്കളുടെ അഭിപ്രായം ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ ദിവസവും മാറിമാറി രക്ഷകർത്താക്കളും SMC അംഗങ്ങളും വിതരണദിവസം സ്കൂളിൽ ഹാജരാകത്തക്ക വിധത്തിൽ ഓരോ മാസത്തേക്ക് രക്ഷകർത്താക്കളുടേയും SMC അംഗങ്ങളുടേയും ഒരു രജിസ്റ്റർ കൂടി മുൻകൂട്ടി തയ്യാറാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സ്കൂളുകളിൽ കർശനമായും പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചു ഉറപ്പുവരുത്തേണ്ടതാണ്.

വിലാസിനി കേദാരമംഗലത്ത്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ് :

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രധാനാദ്ധ്യാപകർക്കും (ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
കരുതൽ ഫയൽ